**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 208** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജീവ് ജോസഫ് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഇരിക്കൂർ താലൂക്ക് ആശുപത്രിയിലും ഇരിക്കൂർ നിയോജകമണ്ഡലത്തിന് കീഴിലുള്ള വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർമാർ, നഴ്സിംഗ് ജീവനക്കാർ, അവശ്യ മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന 12 ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ, നഴ്സിംഗ് ജീവനക്കാർ എന്നീ വിഭാഗങ്ങളിലെ നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | തസ്തിക | ഒഴിവ് |
|---|---|---|
| 1 | ഡോക്ടർ | 17 |
| 2 | ഹോസ്പിറ്റൽ അറ്റെൻഡന്റ് ഗ്രേഡ് 2 | 1 |
| 3 | ജെ. പി എച്ച് എൻ ഗ്രേഡ് 1 | 3 |
| 4 | ജെ. പി എച്ച് എൻ ഗ്രേഡ് 2 | 9 |

പ്രസ്തുത സ്ഥാപനങ്ങളിൽ അവശ്യ മെഡിക്കൽ ഉപകരണങ്ങളുടെ കുറവ് ഇല്ല.

**(ബി)** എങ്കിൽ, സൗകര്യങ്ങൾ നവീകരിക്കുന്നതിനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും ആധുനിക രോഗനിർണയ സൗകര്യങ്ങളുടെയും മതിയായ ജീവനക്കാരുടെയും ലഭ്യത ഉറപ്പാക്കുന്നതിനും എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സൗകര്യങ്ങൾ നവീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

ഇരിക്കൂർ താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിടം നിർമിക്കുന്നതിനായി 11.35 കോടി രൂപ നബാർഡ് ഫണ്ട് അനുവദിച്ച് പ്രവൃത്തി നടന്നുവരുന്നു.

ഇരിക്കൂർ താലൂക്ക് ആശുപത്രിയുടെ പുതിയ ഒ പി പരിവർത്തന പ്രവർത്തനങ്ങൾക്കായി 1.24 കോടി രൂപ NHM ഫണ്ട് അനുവദിച്ച് പ്രവൃത്തി നടന്നുവരുന്നു.

ചന്ദനക്കാംപാറ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണ പ്രവൃത്തിക്കായി 15 ലക്ഷം രൂപ NHM ഫണ്ട് അനുവദിച്ച് പ്രവൃത്തി നടന്നുവരുന്നു.

എരുവേശ്ശി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണ പ്രവൃത്തിക്കായി 15 ലക്ഷം രൂപ NHM ഫണ്ട് അനുവദിച്ച് പ്രവൃത്തി നടന്നുവരുന്നു.

എരുവേശ്ശി കുടുംബാരോഗ്യ കേന്ദ്രത്തിന് എം.എൽ.എ എ.ഡി.എസ് ഫണ്ടിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ആലക്കോടി മണക്കടവ് കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി 1.01 കോടി രൂപ NHM ഫണ്ട് അനുവദിച്ച് പ്രവൃത്തി നടന്നുവരുന്നു.

ചെങ്ങളായി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണ പ്രവർത്തിക്കായി 15 ലക്ഷം രൂപ LSGD ഫണ്ട് അനുവദിച്ച് പ്രവൃത്തി നടന്നുവരുന്നു.

കുടിയാൻമല കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി 67 ലക്ഷം രൂപ അനുവദിച്ച് പ്രവൃത്തി നടന്നുവരുന്നു.

നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി 40 ലക്ഷം രൂപ LSGD ഫണ്ട് അനുവദിച്ച് പ്രവൃത്തി നടന്നുവരുന്നു.

**സെക്ഷൻ ഓഫീസർ**